(ബി) എങ്കിൽ ഇതിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ ;

(സി) ഇതിന്റെ പണി എന്ന് തുടങ്ങാൻ പറ്റുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഏറ്റെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുപ്രവൃത്തിക്കായി ടെണ്ടർ വിളിച്ച് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് വർക്ക് നൽകിയിരുന്നു. എന്നാൽ ഈ നടപടിയെ ചോദ്യം ചെയ്ത് ഒരു പ്രൈവറ്റ് കോൺട്രാക്ടർ ബഹു.ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. കൂടാതെ റോഡു പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം കെ. എസ്. ഐ. ഡി. സി. യിൽ നിന്നും വിട്ടുതരേണ്ടതായിട്ടുണ്ട്.

(സി) ബഹു. ഹൈക്കോടതിയുടെ തീരുമാനം ആകുകയും കെ. എസ്. ഐ. ഡി. സി. യിൽ നിന്നും ആവശ്യമായ സ്ഥലം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് മാത്രമേ പണി ആരംഭിക്കാൻ കഴിയുകയുള്ളു.

ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിന്റെ നിർമ്മാണം

66 (663) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിന്റെ നിർമ്മാണ പ്രവൃത്തി നബാർഡ് ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിന്റെ നിർമ്മാണ പ്രവൃത്തി നബാർഡിന്റെ ആർ. ഐ. ഡി. എഫ്.-8 സ്കീമിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുണ്ട്.

(ബി&സി) സാങ്കേതികാനുമതി നൽകുന്നതിനായി വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ച് വരികയാണ്.

മീഞ്ചന്ത-ബേപ്പൂർ റോഡ് തുറന്നുകൊടുക്കാൻ നടപടി

67 (664) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീഞ്ചന്ത ഓവർബ്രിഡ്ജ് ഓവർ ബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനം മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവൃത്തി ത്വരിതപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം എന്നറിയിക്കുമോ ;

(സി) അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിട്ടുണ്ടോ ;

(ഡി) മാറാട് പ്രശ്നം കണക്കിലെടുത്ത് നിർമ്മാണപ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കി രണ്ടു വർഷത്തിലേറെയായി അടച്ചിട്ട മീഞ്ചന്ത-ബേപ്പൂർ റോഡ് തുറന്നു കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. അപ്രോച്ച് റോഡിന്റെ പണികൾ 90% പൂർത്തിയായിട്ടുണ്ട്. റെയിൽവേ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിക്കാത്തതിനാൽ മേൽപ്പാലത്തിന്റെ പണികൾ ആരംഭിച്ചിട്ടില്ല. അനുമതി നേടിയെടുക്കുന്നതിനായി ശ്രമിച്ചു വരുന്നു.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

കുളത്തുപ്പുഴ-അഞ്ചൽ-പുനലൂർ റോഡിന്റെ വികസനം

68 (665) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന കുളത്തുപ്പുഴ-അഞ്ചൽ-പുനലൂർ റോഡിന്റെ വികസന പദ്ധതി ഏത് ഘട്ടത്തിലാണ് ;

(ബി) ഇതുവരെ എത്ര തുകയുടെ പണികൾ നടന്നു ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കുളത്തുപ്പുഴ-അഞ്ചൽ-പുനലൂർ റോഡ് രണ്ടാം വർഷ മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് കൊടുത്തു. ഇതുവരെ പണികൾ ആരംഭിച്ചിട്ടില്ല. പണി 2004 ഡിസംബറിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റോഡ് വീതികൂട്ടാൻ നടപടി

69 (666) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ സംസ്ഥാന ഹൈവേയായ പുതിയങ്ങാടി-ഉള്ളിയേരി റോഡിൽ പറമ്പത്തങ്ങാടിക്കും അണ്ടിക്കോടങ്ങാടിക്കും മദ്ധ്യേ റോഡ് വീതി കുറവായതുകൊണ്ട് പലപ്പോഴും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഭാഗത്ത് റോഡ് വീതികൂട്ടുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly